**നഗരാസൂത്രകന്റെ കാര്യാലയം**

**,ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224**

email- tpidk.lsgdplng@kerala.gov.in

**നടപടിക്രമം**

**(ഹാജർ : ശ്രീ. രാജേഷ് റ്റി.എൻ, നഗരാസൂത്രകൻ)**

വിഷയം :- നഗരാസൂത്രണ കാര്യാലയം, ഇടുക്കി - പെരുവന്താനം ഗ്രാമപഞ്ചായത്ത് - മുണ്ടക്കയം മെഡിക്കൽ ട്രസറ്റ് ഹോസ്പിറ്റൽ - നിലവിലുള്ള കെട്ടിടത്തോട് ചേർത്ത് പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം സംബന്ധിച്ച്.

പരാമർശം :- 1) 16/10/2021-ലെ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറക്ടറുടെ അപേക്ഷയും ഉള്ളടക്കവും.
2) 27/10/2021 – ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
3) 03/11/2021, 08/11/2021 എന്നീ തീയതികളിലെ മുണ്ടക്കയം മെഡിക്കൽ ട്രസറ്റ് ഹോസ്പിറ്റൽ ഡയറക്ടറുടെ അപേക്ഷയും ഉള്ളടക്കവും
4) പെരുവന്താനം ഗ്രാമപഞ്ചയത്ത് സെക്രട്ടറിയുടെ 02/11/2021 - ലെ J C3-2808/2021 നമ്പർ സാക്ഷ്യപത്രം.
5) 08/11/2021 – ലെ ഡയറക്ടർ, മുണ്ടക്കയം മെഡിക്കൽട്രസ്റ്റ് സാക്ഷ്യപത്രം

**ഉത്തരവ് നമ്പർ: TCPIDK/ 220/2021 –D1 തീയതി : 17/11/2021**

പീരുമേട് താലൂക്ക് പെരുവന്താനം ഗ്രാമപഞ്ചായത്തിൽ പെരുവന്താനം വില്ലേജിൽ ഉൾപ്പെടുന്ന 513/1-5-2 നമ്പർ സർവ്വേ നമ്പരിൽ ഉൾപ്പെട്ട 48564 ചതുരശ്ര മീറ്റർ വിസ്തൃതി ഉള്ള സ്ഥലത്ത് താഴെ പട്ടിക ഒന്നിൽ വിവരിക്കുന്ന 18540 ചതുരശ്ര മീറ്റർ വിസ്തൃതി ഉള്ള കെട്ടിടങ്ങളോട്ടുകൂടി 7326 ചതുരശ്ര മീറ്റർ Built up Area (7086 ച.മീ. Floor Area) വരുന്ന 4 നിലകളോട് കൂടിയ (G+3)ഗ്രൂപ്പ് സി. ഹോസ്പിറ്റൽ ഒക്യുപ്പൻസി പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് പരാമർശ പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷയും ഉള്ളടക്കങ്ങളും പരിഗണിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2019 ചട്ടം 5,(6) പ്രകാരം പരിശോധന നടത്തി ചട്ടം 30 സി പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക വിധേയമായി Usage of Plot and Lay Out ബിൽഡിംഗിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പട്ടിക -1**

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേര്, കെട്ടിട നമ്പർ | നിലകളുടെ എണ്ണം | Built-up Area | നിലവിലുള്ള ഉപയോഗം |
|---|---|---|---|---|
| 1 | ഹോസ്പിറ്റൽ<br>നമ്പർ. XIV/550 To 558 | ബേസ്മെന്റ് ഫ്ലോർ + 3 | 5148 SQM | ഗ്രൂപ്പ്-C ഹോസ്പിറ്റൽ |
| 2 | ഹോസ്പിറ്റൽ | ബേസ്മെന്റ് ഫ്ലോർ | 5517 SQM | ഗ്രൂപ്പ്-C ഹോസ്പിറ്റൽ |

| | | | | |
|---|---|---|---|---|
| | നമ്പർ. XIV/272 | +1 | | |
| 3 | നേഴ്സിംഗ് സ്കൂൾ<br><br>നമ്പർ. XIV/271 | 2 | 2475 SQM | ഗ്രൂപ്പ്-B<br><br>വിദ്യാഭ്യാസം |
| 4 | ഹോസ്റ്റൽ<br><br>നമ്പർ. XIV/270 | 2 | 2009 SQM | ഗ്രൂപ്പ്-A2<br><br>സ്പെഷ്യൽ റസിഡൻസി |
| 5 | കോൺവെന്റ്<br><br>നമ്പർ. XIV/268 | 2 | 1206 SQM | ഗ്രൂപ്പ്-A1<br><br>റസിഡൻഷ്യൽ |
| 6 | കോൺവെന്റ്<br><br>നമ്പർ. XIV/269 | 1 | 288 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 7 | ക്വാർട്ടേഴ്സ്<br><br>നമ്പർ. XIV/265 | 1 | 211 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 8 | ക്വാർട്ടേഴ്സ്<br><br>നമ്പർ. XIV/266 | 1 | 316 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 9 | ക്വാർട്ടേഴ്സ്<br><br>നമ്പർ. XIV/267 | 1 | 113 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 10 | ക്വാർട്ടേഴ്സ്<br><br>നമ്പർ. XIV/264 | 1 | 161 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 11 | ക്വാർട്ടേഴ്സ്<br><br>നമ്പർ. XIV/263 | 1 | 160 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 12 | കാന്റീൻ<br><br>നമ്പർ. XIV/533,534,535 | 2 | 532 SQM | ഗ്രൂപ്പ്-A<br><br>റസിഡൻഷ്യൽ |
| 13 | ഷെഡ് (3 Nos) | 1 | 185 SQM | അനുബന്ധ ഉപയോഗം |
| 14 | ജനറേറ്റർ റൂം | 1 | 94 SQM | അനുബന്ധ |

| | | | | |
|---|---|---|---|---|
| | No. XIV/273 | | | ഉപയോഗം |
| 15 | S.T.P | 1 | 125 SQM | ഗ്രൂപ്പ്-1<br>ഹസാർഡസ് |
| | | ആകെ | 18540 Sq M | |

**<u>നിബന്ധനകൾ</u>**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി (കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം5(4) കാണുക) എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.
2. സൈറ്റ് പ്ലാൻ പ്രകാരം ലഭ്യമാക്കിയിട്ടുള്ള പാർക്കിങ് സ്ഥലങ്ങൾ ഗതാഗത യോഗ്യമായി drive way സഹിതം വികസിപ്പിച്ചു, ചട്ടം 29 (12) പ്രകാരം ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ആവശ്യമായ ചാർജിങ് സംവിധാനങ്ങൾ സഹിതം സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
3. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, തരം, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം, നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
4. പ്ലാനിൽ നിലവിലുള്ള നിർമാണമായി കാണിച്ചിരിക്കുന്ന പട്ടിക - 1 പ്രകാരം ഉള്ള STP അടക്കം ഉള്ള നിർമാണങ്ങളുടെ കെട്ടിട നമ്പർ , ഉപയോഗം (Occupancy Group), അളവുകൾ, വിസ്തീർണ്ണം എന്നിവ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ രേഖകൾ പരിശോധിച്ച് ശരിയാണെന്നും ആയവ നിയമാനുസൃതം ആണ് എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണം. അല്ലാത്ത പക്ഷം ഈ Lay out approval അസാധുവായി പരിഗണിക്കേണ്ടതും ആണ്.
5. പട്ടിക ഒന്നിലും സൈറ്റ് പ്ലാനിലും നിലവിലുള്ള നിർമ്മാണമായി രേഖപ്പെടുത്തിയിട്ടുള്ളതും, എന്നാൽ കെട്ടിട നമ്പർ വ്യക്തമാക്കാത്തതുമായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് (S.T.P) കെട്ടിട നമ്പർ ലഭ്യമായിട്ടുണ്ട് എന്നും ആയത് നിയമാനുസൃതം നിലനിൽക്കുന്ന അംഗീകൃത നിർമ്മാണം ആണെന്നും ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ഈ ലേ - ഔട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർമ്മാണാനുമതി നൽകാവൂ (സൂചന 4 & 5 കാണുക).
6. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
7. കെ.പി.ബി.ആർ 2019 ചട്ടം 79(6) പ്രകാരമുള്ള In-situ liquid waste management treatment plant, Provision for recycling and reusing of waste water generated നും ചട്ടം 79 (എ) പ്രകാരമുള്ള Management of construction and demolition waste നും ഉള്ള സംവിധാനം നൽകേണ്ടതാണ്.
8. പ്ലാനുകളിൽ പൊളിച്ച് നീക്കുവാനെന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൊളിച്ച് നീക്കിയിരിക്കണം.
9. ക്രമവൽക്കരിക്കേണ്ട കെട്ടിട ഭാഗങ്ങൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), Chapter-XX ലെ നടപടിക്രമങ്ങൾ പാലിച്ച്

ക്രമവൽക്കരിക്കണം.

10. സൈറ്റ് പ്ലാൻ പ്രകാരം ഉള്ള നിർമ്മാണവും ഭൂവിനിയോഗവും സാധ്യമാക്കുന്നതിനു Earth work excavation / ഫില്ലിംഗ് അനിവാര്യമായി വരുന്ന പക്ഷം കെട്ടിട നിർമ്മാണ ചട്ടം 10 ന് വിധേയമായി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കി , 18/09/2021 ലെ സ.ഉ.(സാധാ) നമ്പർ 1795/2021/ത.സ്വ.ഭ.വ നു വിധേയമായിട്ടായിരിക്കണം.
11. സൈറ്റ് പ്ലാനിൽ വിഭാവിത നിർമ്മാണത്തിന്റെ രണ്ടു വശങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള റീറ്റെയ്നിങ് വാളുകൾ പ്രസ്തുത നിർമ്മാണവുമായി structurally കണക്റ്റഡ് ആയിരിക്കരുത്.
12. ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണം/വികസന അനുമതി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.
13. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

Signature Not Verified
Digitally signed by RAJESH T N
Date: 2021.11.17 11:45:01 IST
Reason: Approved

**RAJESH T N, TP TPIDK, O/o TP TPIDK**

ഉള്ളടക്കം : (1) അംഗീകൃത പ്ലാനിന്റെ പകർപ്പ്, (2) സൂചന 4 & 5 സാക്ഷ്യപത്രം.

**To**

സെക്രട്ടറി,
പെരുവന്താനം ഗ്രാമപഞ്ചായത്ത്

പകർപ്പ് : 1. ഡയറക്ടർ, മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ
2. കരുതൽ
3. അധികം